**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1504** **11-09-2023 - ൽ മറുപടിയ്ക്ക്**

**സ്കൂളുകൾക്ക് ഭൂമി വാങ്ങാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സ്വന്തമായി ഭൂമി ഇല്ലാത്തതോ ഭൂമി അപര്യാപ്തമായതോ ആയ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി 2019 കേരള ബഡ്ജറ്റിൽ ഖണ്ഡിക 104 പ്രകാരം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ബന്ധപ്പെട്ട സ്കൂളുകളുടെ വിശദമായ പ്രൊപ്പോസലുകൾ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ ക്രോഡീകരിച്ചുവരുന്നു. പ്രസ്തുത പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഭൂമിയില്ലാത്ത സ്കൂളുകൾക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിനുവേണ്ടി കിഫ്ബിയിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്കൂളുകൾക്ക് വേണ്ടിയാണെന്ന് വിശദമാക്കാമോ? | (ബി) | ഭൂമിയില്ലാത്ത സ്കൂളുകൾക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് കിഫ്ബിയിൽ പദ്ധതി സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ